പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3069 **29-10-2026-ൽ മറുപടിയ്ക്ക്**

ഭൂനികുതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി കെ. കെ. രമ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) 2016- 2026 കാലയളവിൽ ഭൂനികുതിയുടെയും മറ്റു ഭൂമിസംബന്ധമായ ഇടപാട് ഫീസുകളുടെയും ഇനത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനം എത്രയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: 2016-2026 കാലയളവിലെ ഭൂനികുതിയുടെയും മറ്റു ഭൂമിസംബന്ധമായ ഇടപാട് ഫീസുകളുടെയും ഇനത്തിൽ ഓരോ വർഷവും ഉള്ള സംസ്ഥാനത്തിന്റെ ആകെ വരുമാനം, ഓൺലൈൻ ഡി.സി.ബി (DCB- Demand, Collection and Balance) സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (*2015-16 മുതൽ 2018-19 വരെയുള്ള പാട്ടം, പോക്കുവരവ് ഫീസ് സംബന്ധിച്ചുള്ള ക്രോഡീകരിച്ച വിവരം ഓൺലൈൻ ഡി.സി.ബി രജിസ്റ്റർ മുഖേന സൂക്ഷിച്ചിട്ടില്ല.*)

(തുക കോടിയിൽ)

പട്ടിക 1: 2015-16 മുതൽ 2018-19 വരെയുള്ള കാലയളവ്

ഇനം	2015- 16	2016- 17	2017- 18	2018- 19
ഭൂനികുതി	129.14	64.55	65.45	118
പ്ലാൻറ്റേഷൻ ടാക്സ്	0.87	1.87	1.93	0.71
ഇറിഗേഷൻ ടാക്സ്/ സെസ്സ്	0.99	0.95	0.92	0.86

പട്ടിക 2: 2019-20 മുതൽ 2025-26 വരെയുള്ള കാലയളവ്

ഇനം	2019 -20	2020 -21	2021 -22	2022 -23	2023 -24	2024 -25	2025 -26
ഭൂനികുതി	120.37	122.6	132.98	212.36	208.81	213.39	303.66
പ്ലാൻറ്റേഷൻ ടാക്സ്	0.383	0.44	0.487	0.228	0.862	0.0625	0.05
ഇറിഗേഷൻ	0.78	0.766	0.702	0.715	0.577	0.545	0.0509

സെസ്സ്							
പാട്ടം	7.803	4.89	4.58	6.63	9.17	7.42	0.5
പോക്കുവരവ് ഫീസ്	5.645	10.851	13.89	16.85	16.21	14.1	13.66

(ബി) ഭൂനികുതിയും മറ്റു ഭൂമിസംബന്ധമായ ഇടപാടുകളുടെ ഫീസുകളുടെയും വർദ്ധനവ് പ്രാബല്യത്തിൽ വന്നത് എന്നു മുതലാണ്;

മറുപടി: സംസ്ഥാനത്തെ ഭൂനികുതി നിരക്കുകളിൽ, വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 1-4-2018, 1-4-2022, 1-4-2025 എന്നീ തീയതികളിലാണ് വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(സി) ഫീസുകളുടെ വർദ്ധനവ് പ്രാബല്യത്തിൽ വന്നതിനു ശേഷം ടി ഫീസിനങ്ങളിലുള്ള വരുമാന വർദ്ധനവ് എത്രയായിരുന്നു; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മറുപടി: ഭൂനികുതി വർദ്ധനവ് പ്രാബല്യത്തിൽ വന്നതിനു ശേഷം ഓരോ വർഷങ്ങളിലും ഉണ്ടായിട്ടുള്ള വരുമാനം ഓൺലൈൻ ഡി.സി.ബി പ്രകാരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ആകെ പിരിവ് (തുക കോടിയിൽ)

ഇനം	2017-18	2018-19	2019-20	2020-21	2021-22	2022-23	2023-24	2025-26
ഭൂനികുതി	65.45	118	120.37	122.6	132.98	212.36	208.81	303.66

സെക്ഷൻ ഓഫീസർ